




കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.


ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# ദീപനാളം കാവ്യോത്സവം

## 11 FEBRUARY 2023



കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള



പ്രവിത്താനം പി.എം. ദേവസ്യാ



സിസ്റ്റർ മേരി ബനീഞ്ഞ

മഹാകവികളായ **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, പ്രവിത്താനം പി.എം. ദേവസ്യാ, സിസ്റ്റർ മേരി ബനീഞ്ഞ** എന്നിവരുടെ സ്മരണ നിലനിർത്തുന്നതിനും അവരെക്കുറിച്ചു പുതുതലമുറയിൽ അവബോധം ജനിപ്പിക്കുന്നതിനുമായി ദീപനാളം പദ്യോച്ചാരണമത്സരം നടത്തുന്നു.

ഫെബ്രുവരി പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദീപനാളം ഓഡിറ്റോറിയത്തിൽ മത്സരങ്ങൾ ആരംഭിക്കും. പാലാ രൂപതാധ്യക്ഷൻ **മാർ ജോസഫ് കല്ലറങ്ങാട്ട്** പരിപാടി ഉദ്ഘാടനം ചെയ്യും. പ്രശസ്ത നിരൂപകനും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി വിഷയാവതരണം നടത്തും. പാലാ സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പാൾ ഡോ. ഡേവിസ് സേവ്യർ ആശംസ അർപ്പിക്കും.

### നിബന്ധനകൾ

❖ വാദ്യോപകരണങ്ങളോ മറ്റു സാങ്കേതികസംവിധാനങ്ങളോ അനുവദനീയമല്ല. ❖ മൂന്നു കവികളുടെയും കൃതികളിൽനിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കാം. (കവികളുടെ സമ്പൂർണകൃതികൾ റഫറൻസിനായി ദീപനാളം ഓഫീസിൽ ലഭ്യമാണ്.) ❖ മൂന്നു കവിതകൾക്കുംകൂടി ആകെ പത്തുമിനിറ്റായിരിക്കും സമയം. ❖ തിരഞ്ഞെടുക്കപ്പെടുന്ന കവിതാഭാഗങ്ങളുടെ മൂന്നു കോപ്പിവീതം ജഡ്ജസിന്റെ പരിശോധനയ്ക്കായി മത്സരത്തിനുമുമ്പ് നല്കേണ്ടതാണ്. ❖ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 10000, 7000, 5000 രൂപയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. ❖ രജിസ്ട്രേഷൻ ഫീസ് 100 രൂപ. ❖ മത്സരത്തിനു പ്രായപരിധിയില്ല.

**മാർക്ക് - മാനദണ്ഡങ്ങൾ :** മനഃപാഠം - 25 മാർക്ക്; അക്ഷരസ്ഫുടത - 25 മാർക്ക്; മിതമായ ഭാവശബ്ദാവതരണം - 25 മാർക്ക്; അർത്ഥം, ആശയം എന്നിവയുടെ വ്യക്തത - 25 മാർക്ക്.

ഒന്നാം സമ്മാനം ₹10000

രണ്ടാം സമ്മാനം ₹7000

മൂന്നാം സമ്മാനം ₹5000

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 7 നുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.
Ph : 7306874714
E-mail : editordeepanalam@gmail.com.

## DEEPANALAM WINNERS SPACE gk

സമ്മാനം ആയിരം രൂപ

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. മൂക്കിലൂടെ നല്കുന്ന ലോകത്തെ ആദ്യവാക്സിന് കേന്ദ്ര ആരോഗ്യമന്ത്രാലയം ഈയിടെ വിതരണാനുമതി നല്കി. വാക്സിന്റെ പേരെന്ത്?
2. കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വപദവി ലഭിച്ച ആദ്യ മലയാളി?
3. രാജ്യത്തെ ആദ്യ വനിതാ യുദ്ധവിമാനപൈലറ്റ്?
4. ഏതൊക്കെ രാജ്യങ്ങൾ ചേർന്നുള്ള സംയുക്തപരിശീലനപരിപാടിയായിരുന്നു സൂര്യകിരൺ?
5. ശുദ്ധോർജത്തിന്റെ പ്രധാന ഉറവിടമായി അണുസംയോജനം (ന്യൂക്ലിയർ ഫ്യൂഷൻ) ഉപയോഗപ്പെടുത്താമെന്നു കണ്ടെത്തിയത് ഏതു രാജ്യത്തെ ഗവേഷകരാണ്?
6. തിരുവനന്തപുരത്തു നടന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രേക്ഷകപ്രീതി നേടിയ മമ്മൂട്ടിച്ചിത്രം ഏത്? സംവിധായകൻ ആര്?
7. പ്രധാനമന്ത്രിയുടെ സാമ്പത്തികോപദേശക കൗൺസിൽ ഈയിടെ പുറത്തിറക്കിയ സാമൂഹികപുരോഗതി സൂചികയിൽ കേരളത്തിന്റെ സ്ഥാനം?
8. ട്വിറ്ററിന്റെ തലപ്പത്തു നിലവിലുള്ള ഏക ഇന്ത്യക്കാരൻ ഒരു മലയാളിയാണ്. പേര്?
9. 2026 ലോകകപ്പിനു വേദിയാകുന്ന രാജ്യം/രാജ്യങ്ങൾ?
10. രാജ്യാന്തര ഫുട്ബോളിൽ അർജന്റീനയും ഫ്രാൻസും നേർക്കുനേർ മത്സരിച്ചത് എത്ര തവണ?

പേര് : ........................................................
മേൽവിലാസം : ........................................................
........................................................
ഫോൺ നമ്പർ : ........................................................


**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. **അവസാനതീയതി 2023 ജനുവരി 22.**

# നാടുകടക്കുന്ന യുവത്വങ്ങൾ



**അജയ് കെ. ജോസഫ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്, പാലാ



ഇന്ന്, നമ്മുടെ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ് യുവാക്കളുടെ കൂട്ടപ്പലായനം.

വിദേശകാര്യമന്ത്രാലയം ലോക്സഭയിൽ അവതരിപ്പിച്ച കണക്കുപ്രകാരം, 2019 ൽ വിദേശത്തേക്കുപോയ മലയാളിവിദ്യാർഥികളുടെ എണ്ണം 30,498 ആണ്. ഏകദേശം 35,000 വിദ്യാർഥികൾ പഠനാവശ്യങ്ങൾക്കായി പ്രതിവർഷം വിദേശത്തേക്കു പോകുന്നുവെന്നതാണ് അനൗദ്യോഗികകണക്കുകൾ. ഈ സംഖ്യയിൽ വർധനയല്ലാതെ, കുറവുണ്ടാകുന്നില്ല. 2019-2020 അക്കാദമിക് വർഷത്തിൽ അമേരിക്കയ്ക്ക് ഇന്ത്യൻ വിദ്യാർഥികളുടെ സംഭാവനയായി ലഭിച്ചത് 760 കോടി ഡോളറാണ്.

കേരളത്തിൽനിന്ന് വിദേശത്തു പോകുന്നവരുടെ എണ്ണം അഞ്ചുവർഷംകൊണ്ട് ഇരട്ടിയായി. ലോകരാജ്യങ്ങളുടെ പട്ടിക എടുത്തുനോക്കിയാൽ, പഠനത്തിന് രാജ്യം വിടുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്; ഒന്നാംസ്ഥാനം ചൈനയ്ക്കാണ്. ഇന്ത്യയിൽനിന്നു പഠനാവശ്യങ്ങൾക്കായി നാടുവിടുന്നവരിൽ നല്ലൊരു ശതമാനം മലയാളികളാണ്. 1975 ൽ വിദേശത്തുള്ള ഇന്ത്യൻ വിദ്യാർഥികളുടെ എണ്ണം എട്ടുലക്ഷമായിരുന്നു. 2012 ൽ അത് 40 ലക്ഷമായി ഉയർന്നു. 2025 ൽ, അത് 75 ലക്ഷം കടക്കുമെന്നാണ്, യുനെസ്കോ അടുത്തിടെ പുറത്തുവിട്ട കണക്കിൽ പറയുന്നത്. അന്യനാടുകളിൽ സ്ഥിരതാമസത്തിനുള്ള എളുപ്പവഴിയാണ് യുവതലമുറയ്ക്കു വിദേശവിദ്യാഭ്യാസം. വിദ്യാഭ്യാസനിലവാരത്തിനപ്പുറം, പാശ്ചാത്യരാജ്യങ്ങളിൽ ലഭിക്കുന്ന സാമൂഹികഭദ്രതയും ഉയർന്ന ജീവിതനിലവാരവുമാണ് യുവത്വത്തെ പാശ്ചാത്യ രാജ്യങ്ങളിലേക്ക് ആകർഷിക്കുന്നത്. മറ്റൊരു പ്രധാനഘടകമാണ് കേരളത്തിലെ സാമൂഹികാന്തരീക്ഷം. വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലെ പോരായ്മകൾ, നിയമപാലകരിൽനിന്നുള്ള അനാവശ്യ ഇടപെടലുകൾ തുടങ്ങിയവ യുവതയുടെ മനം മടുപ്പിക്കുന്നു. ഇഷ്ടപ്പെട്ട വിവാഹം കഴിക്കുന്നതിന്, ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കുന്നതിനുപോലും മറ്റുള്ളവരുടെ സമ്മതം ആവശ്യമായിവരുന്ന ഒരു സമൂഹം. തൊഴിലവസരങ്ങളുടെ കാര്യത്തിലും യുവതലമുറയ്ക്ക് നിരാശയാണു സംഭവിക്കുന്നത്.

അഭ്യസ്തവിദ്യരായ യുവാക്കൾക്ക്, അവരുടെയോഗ്യതയ്ക്കനുസരിച്ചുജോലി ലഭിക്കുന്നില്ല. സർക്കാർ ജോലിക്കായി പഠിച്ചാലും അവിടെ പിൻവാതിൽ നിയമനം വില്ലനാകും. സംരംഭകനാകാനാണെങ്കിലും തടസ്സങ്ങൾ അവധിയാണ്.

മാതാപിതാക്കൾ തങ്ങളുടെ സ്വത്തുവകകൾ വിറ്റുപോലും കുട്ടികളെ വിദേശത്തേക്കയയ്ക്കാൻ തയ്യാറാണ്. നമ്മുടെ സാമൂഹികവ്യവസ്ഥിതിയോടുള്ള പ്രതീക്ഷയറ്റു എന്നതിന്റെ സൂചനയാണത്. ഇങ്ങനെ തുടർന്നാൽ, കേരളം അധികം താമസിയാതെ വൃദ്ധരുടെ നാടായിമാറും.

കേരളത്തിൽ ഏകദേശം 12 ലക്ഷം വീടുകളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് 2011 ലെ സെൻസസ് റിപ്പോർട്ടു പറയുന്നു. ഇന്ത്യയിൽ ഒഴിഞ്ഞു കിടക്കുന്ന വീടുകളുടെ ഏകദേശം 11 ശതമാനമാണിത്. ഇതിൽ 60 ശതമാനം ഉടമകളും യൂറോപ്പിലാണ്. 11 വർഷം മുമ്പുള്ള കണക്കാണിത്. ഇന്ന് ഇതിലും എത്രയധികമായിരിക്കും!

ഈ അവസ്ഥ നമ്മുടെ നാടിനെ ദോഷകരമായി ബാധിക്കുമെന്നതു സത്യമാണ്. സ്വന്തം നാട്ടിലെ യുവാക്കൾക്ക് ആവശ്യമായ തൊഴിലവസരങ്ങളും ജീവിക്കാനാവശ്യമായ സാഹചര്യങ്ങളും നൽകാനാകുന്നില്ല എന്നത് ദുഃഖകരമാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൂട്ടായി പ്രയത്നിച്ചാൽ മാത്രമേ ഈ അവസ്ഥയിൽനിന്നു നമ്മുടെ നാടിനെ മോചിപ്പിക്കാനാവൂ. ■

കവിത

# അലൗകികം

രണ്ടിലകൾ അലൗകികമായൊരു ഭാഷയിൽ
പ്രണയം കൈമാറി
ആരുമറിയാത്ത പ്രണയത്തെ
അവർ കാറ്റിൽനിന്ന് ഒളിപ്പിച്ചുവച്ചു
മഴച്ചാറ്റലിന്റെ നനുത്ത സ്പർശങ്ങളിൽ
അവർ അടുക്കുകയും
വേനലിന്റെ തീവ്രമാം ദാഹത്തിൽ
എരിയുകയും ചെയ്തു
പുഴകാണാനുള്ള പൂതി
അവർക്കിടയിൽ തളിർത്തുവന്നു
പുഴയോളങ്ങളിലേറി കടലുകാണുന്നത്
അവർ കിനാക്കണ്ടു
മരച്ചില്ലയിൽ കുറുകിയിണങ്ങുന്ന കിളികളെക്കണ്ട്
അവർ നെടുവീർപ്പിട്ടു
വിണ്ടുകീറാൻ തുടങ്ങിയ നെറ്റിമേൽ
സൂര്യൻ പതിവായി ഉറ്റുനോക്കുമ്പോൾ
അവർ പരസ്പരം തണലായി
അങ്ങനെ ഏതോ ഒരു ഉച്ചമയക്കത്തിൽ
ഞെട്ടറ്റുപോയ രണ്ടിലകളെ നോക്കി
ജാലകപ്പഴുതിൽ സിന്ദൂരരേഖ മാഞ്ഞുപോയ
രണ്ടു കണ്ണുകൾ ഈറനണിഞ്ഞു.



**ജയലക്ഷ്മി ജി.**
എം.എ. ഇക്കണോമിക്സ്
ഇഗ്നോ, സി.എം.എസ്.
കോളജ്, കോട്ടയം



# ലഹരി

കഥ



**എയ്ഞ്ചൽ തെരേസാ ജിൻസ്**
7-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്., കടനാട്

ആര്യൻ വാഹനം ഓടിക്കുകയായിരുന്നു. അവൻ മദ്യപിച്ചിട്ടുണ്ടായിരുന്നു. പെട്ടെന്ന് വാഹനത്തിന്റെ പിൻസീറ്റിൽ ഒരു അപരിചിതന്റെ സാമീപ്യം അനുഭവപ്പെട്ടതുപോലെ തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ ദേ, ഒരാൾ ഇരിക്കുന്നു! ലഹരിയിൽ ഇതുപോലെ പല മായക്കാഴ്ചകളും കണ്ടിരുന്നതുകൊണ്ടാവാം ആര്യൻ ഒരു കൂസലുമില്ലാതെയിരുന്ന് വണ്ടിയോടിച്ചു.

പെട്ടെന്ന്, പിന്നിലിരുന്ന ആൾ ആര്യനോടു സംസാരിച്ചു. ആര്യൻ ഞെട്ടിത്തരിച്ചു. ഇയാൾ വല്ല കള്ളനുമാണോ? ഇയാളെ എങ്ങനെയെങ്കിലും പുറത്താക്കണം. ആര്യൻ ഒരു നിമിഷംപോലും ചിന്തിക്കാതെ വണ്ടി നിർത്തി പിറകിലെ സീറ്റിലേക്കു നോക്കി. അപ്പോൾ അയാൾ അവിടെയില്ല. തനിക്ക് തോന്നിയതാകുമെന്ന് ആര്യൻ കരുതി. പക്ഷേ, ആര്യന്റെ കണ്ണുകൾ പിറകിലെ സീറ്റിലേക്കു പൊയ്ക്കൊണ്ടിരുന്നു.

പെട്ടെന്ന്, ''എന്താ മോനൂസേ, ജാടയാണോ?''' എന്ന ശബ്ദം! അയാൾ തന്റെ തൊട്ടടുത്ത് ഇരിക്കുന്നു. തന്റെ കണ്ണുകളെ വിശ്വസിക്കാനാവാതെ ആര്യൻ പറഞ്ഞു: ''അല്ല.''' അയാൾ സാധാരണക്കാരനല്ല എന്നു മനസ്സിലാക്കി അബദ്ധം ഒന്നും കാട്ടാതെ ആര്യൻ അയാളോടു സംസാരിച്ചുകൊണ്ടിരുന്നു. സുഹൃത്തുക്കൾ ആരുമില്ലാത്ത ആര്യന് അയാളെ വളരെ ഇഷ്ടപ്പെട്ടു. ആര്യനോട് അയാൾ തന്റെ കഥ പറയാൻ തുടങ്ങി.

ചെറുപ്പത്തിലേ തന്റെ അച്ഛൻ മരണപ്പെട്ടുവെന്നും അതിനാൽ ഒരുപാടു കഷ്ടതകൾ അനുഭവിക്കേണ്ടിവന്നുവെന്നും ആ വിഷമങ്ങൾ മറക്കാൻ ലഹരിക്ക് അടിമപ്പെട്ടതാണെന്നും അയാൾ ആര്യനോടു പറഞ്ഞു.

താൻ അറിയാതെ ചെയ്ത അബദ്ധം തിരുത്താൻ ശ്രമിച്ചപ്പോഴേക്ക് അതിനുള്ള സമയം കഴിഞ്ഞുപോയി എന്നും അയാൾ പറഞ്ഞു.

അതൊക്കെ കേട്ട് ആര്യനു വിഷമമായി. തന്റെ ജീവിതവും ഏതാണ്ട് ഇതുപോലെയാണല്ലോ എന്ന് ആര്യൻ ഓർത്തു.

പെട്ടെന്ന് ആര്യൻപറഞ്ഞു: ''തന്റെ പേരു ചോദിക്കാൻ മറന്നു. തന്റെ പേരെന്താ?'' ''ഇത്രനേരം ചോദിച്ചില്ലല്ലോ? ഇനി ആദ്യം എനിക്ക് ഒരു ഗ്ലാസ് കാപ്പി വാങ്ങിത്താ.''

വഴിയരുകിലെ തട്ടുകടയിൽനിന്ന് ആര്യൻ രണ്ടുഗ്ലാസ് ചായയുമായി വന്നപ്പോഴേക്ക് അയാളെ കാണാനില്ല. ആര്യൻ അവിടെയും ഇവിടെയും ഒക്കെ തിരഞ്ഞു. അയാളെ കാണാതെ ആര്യൻ സങ്കടത്തോടെ വീട്ടിലേക്കു പോയി. നേരേ കട്ടിലിലേക്കു കിടന്നു.

രാവിലെ ആര്യൻ ഉണർന്നു പുറത്തേക്കു വന്നു. പത്രക്കാരൻ മുറ്റത്തേക്കു പത്രം വലിച്ചെറിഞ്ഞിട്ട് സൈക്കിളോടിച്ചുപോയി. അയാളെ തറപ്പിച്ചു നോക്കിക്കൊണ്ട് ആര്യൻ പത്രം തുറന്നു. അബദ്ധവശാൽ ആര്യൻ ആദ്യം കണ്ടത് ചരമക്കോളമാണ്. അപ്പോൾ പെട്ടെന്ന് ആര്യൻ ഒരാളെ ശ്രദ്ധിച്ചു. അത് ഇന്നലെ കണ്ട ആളായിരുന്നു. അയാളുടെ പേര് കിം എന്നായിരുന്നു.

പെട്ടെന്ന് അയാൾ പറഞ്ഞത് ആര്യൻ ഓർത്തു. ലഹരിയുടെ പിടിയിൽനിന്ന് രക്ഷപ്പെടണമെന്ന് ആഗ്രഹിച്ചപ്പോളേക്കും സമയം വൈകി. പിന്നീട് ആര്യൻ മദ്യപിച്ചിട്ടില്ല. ഒപ്പം, മറ്റുള്ളവരെ കുടിക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കാനും ശ്രമിച്ചു.



# യുദ്ധങ്ങളുടെ ബാക്കിപത്രം



വിദ്യ വിജയകുമാർ
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ

രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ മിക്ക അവസരങ്ങളിലും അവിടങ്ങളിലെ ഭരണാധികാരികൾ തമ്മിലുള്ളതാണ്. പക്ഷേ, അതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നത് അവിടത്തെ ജനങ്ങളാണ്; പ്രത്യേകിച്ച്, ദരിദ്രരും സ്ത്രീകളും കുട്ടികളും. പട്ടിണിയും രോഗങ്ങളും ദാരിദ്ര്യവും അനുഭവിക്കുന്നതും പലായനം ചെയ്യാൻ വിധിക്കപ്പെട്ടവരും അവർതന്നെയാണ്. ആരോഗ്യമുള്ള പുരുഷന്മാരെല്ലാം യുദ്ധമുഖത്ത് ജീവൻ ബലിയർപ്പിക്കേണ്ടിവരും. മരണത്തിലും ക്രൂരമായ അവസ്ഥയിൽ അംഗവൈകല്യം സംഭവിച്ചു ബാക്കിയാവുന്നവർ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ അലയാൻ വിധിക്കപ്പെടും. പലായനംചെയ്യുന്നവരാണ് അതിലേറെ ഹതഭാഗ്യർ. സ്വന്തരാജ്യത്തു നിലനില്പില്ലാത്തവരായി മറ്റു രാജ്യങ്ങളിലേക്കു കുടിയേറുന്നവർ തെരുവുപട്ടികളെപ്പോലെ നിരന്തരം ആട്ടിയോടിക്കപ്പെടുന്നു.

ഒടുവിൽ യുദ്ധമവസാനിച്ച് ഭരണാധികാരികൾ പരസ്പരം കൈകൊടുത്തു സമാധാനം പ്രഖ്യാപിച്ച് സുരക്ഷിതത്വത്തിലേക്കു മടങ്ങുമ്പോഴും ചിതറിത്തെറിച്ചുപോയ ജീവിതവും സ്വപ്നങ്ങളുമായി അലയാൻ വിധിക്കപ്പെട്ടവരാണ് അഭയാർഥികൾ. അവരുടെ ജീവിതത്തിന്റെയും അതിജീവനത്തിന്റെയും ചരിത്രത്തിനു മാനവരാശിയുടെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. ഓരോ യുദ്ധത്തിലും അനാഥരാകുന്നവർ ആയിരക്കണക്കാണ്. അവർക്കുവേണ്ടി സംസാരിക്കാനോ പ്രവർത്തിക്കാനോ ആരുമില്ലാതെ, ഇതാണ് ജീവിതമെന്നു കരുതി അവർ കാലം കഴിക്കുന്നു.

യുദ്ധങ്ങളിൽ അനാഥരാക്കപ്പെട്ടവർക്കുവേണ്ടി നാം ഒരു ദിവസം മാറ്റിവച്ചിരിക്കുന്നു - ജനുവരി 6. യുദ്ധങ്ങളുടെ ഫലമായി അനാഥരായ കുട്ടികളെക്കുറിച്ച് ലോകജനതയെ ബോധവത്കരിക്കുകയെന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം. യുദ്ധത്തിൽ അനാഥരായ കുട്ടികളുടെ ദുരവസ്ഥയെക്കുറിച്ച് അവബോധം വളർത്തുകയും കുട്ടികൾ വളരുന്നതനുസരിച്ച് അവർ അനുഭവിക്കുന്ന മാനസികവും സാമൂഹികവും ശാരീരികവുമായ പ്രതിബന്ധങ്ങളെ എടുത്തുകാട്ടുകയും ചെയ്യുക എന്നതും ദിനം ലക്ഷ്യംവയ്ക്കുന്നു.

SOS Enfants en Detresses എന്ന ഫ്രഞ്ചുസംഘടനയാണ് ലോകയുദ്ധ അനാഥരുടെ ദിനം പ്രഖ്യാപിച്ചത്. യുനിസെഫിന്റെ കണക്കനുസരിച്ച്, വടക്കുകിഴക്കൻ മേഖലയിൽ ഏകദേശം 9,00,000 അനാഥരായ കുട്ടികൾ താമസിക്കുന്നു, വിദ്യാഭ്യാസം, ഭക്ഷണം, പാർപ്പിടം എന്നിവയുടെ അപര്യാപ്തതയും രോഗങ്ങളും കാരണം ഇവരുടെ ജീവിതം വളരെ ശോചനീയമാണ്. യുദ്ധമോ ആഭ്യന്തരകലഹങ്ങളോമൂലം വീടും തൊഴിലിടങ്ങളും സ്വത്തുക്കളും ഉൾപ്പെടെ എല്ലാം ഉപേക്ഷിക്കാൻ നിർബന്ധിതരായ ആളുകളാണ് ഐഡിപികൾ (ഇന്റർനാഷണൽ ഡിസ്പ്ലേസ്ഡ് പേഴ്സൺസ്).

യൂനിസെഫിന്റെ കണക്കനുസരിച്ച്, ലോകമെമ്പാടും 140 ദശലക്ഷത്തിലധികം അനാഥരുണ്ട്; ഏഷ്യയിൽ 61 ദശലക്ഷവും ആഫ്രിക്കയിൽ 52 ദശലക്ഷവും ലാറ്റിൻ അമേരിക്കയിലും കരീബിയനിലും 10 ദശലക്ഷവും കിഴക്കൻ യൂറോപ്പിലും മധ്യേഷ്യയിലും 7.3 ദശലക്ഷവും. ഇവരിലേറെയും പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികളാണ്. സമ്പന്നരാജ്യങ്ങളിൽ അനാഥരുടെ എണ്ണം വളരെ കുറവാണ്. എന്നിരുന്നാലും, യുദ്ധങ്ങളോ വലിയ സാംക്രമികരോഗങ്ങളോ ഉണ്ടായ



പ്രദേശങ്ങളിൽ അവരുടെ എണ്ണം കൂടുതലാണെന്നും കണക്കുകൾ കാണിക്കുന്നു.

യൂനിസെഫ് പറയുന്നതനുസരിച്ച്, 1990 നും 2001 നും ഇടയിൽ മൊത്തം അനാഥരുടെ എണ്ണം വർദ്ധിച്ചു. എന്നിരുന്നാലും, 2001 മുതൽ കണക്കാക്കിയിരിക്കുന്ന അനാഥരുടെ എണ്ണം ക്രമാനുഗതമായി കുറയുന്നു, ഓരോ വർഷവും 0.7 ശതമാനം മാത്രം. ഇവിടെ കണക്കുകളിലും കുട്ടികൾ പലപ്പോഴും അവഗണിക്കപ്പെടുകയാണ്. അതുകൊണ്ടുതന്നെ അവരുടെ കണക്കുകളും പരിമിതമായിരിക്കാം. ഈ കുട്ടികളെ തിരിച്ചറിയുന്നതിനും ഈ ലോകത്ത് ആരും അനാഥരാകാതിരിക്കാനും യുദ്ധത്തിന്റെ നിഴൽ കുറയ്ക്കാൻ കഠിനമായി പ്രയത്നിക്കാനുമുള്ള നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമിപ്പിക്കുന്നതിനുമായി എല്ലാ വർഷവും ലോകയുദ്ധ അനാഥദിനം ആചരിക്കുന്നു.

## ലഹരിയേ വിട!

ഒരു പതിറ്റാണ്ടുമുമ്പ് കേരളം
ദൈവത്തിന്റെ നാടായിരുന്നു
കളിചിരികൾ ഉയർന്നിരുന്ന വീടുകളിൽ
കേൾക്കുന്നു ഇന്നു രോദനങ്ങൾ
അടിച്ചമർത്തപ്പെട്ട കേരളനാട്
ഉയർന്നുവരുന്ന കാലത്ത്
വന്നൂ കേരളത്തെ നശിപ്പിക്കാൻ
ലഹരിയും മദ്യവും കഞ്ചാവും.
പുതിയൊരു തലമുറ സ്വപ്നം കാണാൻ
നമുക്കു സാധ്യമോ ഇനിയീ നാളിൽ
ഒന്നായ് നാം നിന്നീടാം
ഒന്നായി പറഞ്ഞിടാം
അടിമപ്പെടുകില്ല ഒരുനാളും നാം
ഈ ചെകുത്താന്റെ മുമ്പിൽ



കാർത്തിക എസ്.
7-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.,
കടനാട്



## ശാസ്ത്രലോകത്ത് വീണ്ടും പ്ലാശനാൽ സെന്റ് ആന്റണീസിന്റെ കുതിപ്പ്

പ്ലാശനാൽ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ ബാലശാസ്ത്രപ്രതിഭകൾ തുടർച്ചയായി ആറാമതും ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ ഗവേഷണപ്രബന്ധാവതരണത്തിന് അർഹത നേടി. 2023 ജനുവരി 27 മുതൽ 31 വരെ അഹമ്മദാബാദിൽ നടക്കുന്ന മുപ്പതാമത് ദേശീയ ബാലശാസ്ത്ര കോൺഗ്രസിലാണ് എട്ടാം ക്ലാസ്സ് വിദ്യാർഥികളായ ഐവിൻ സെബാസ്റ്റ്യൻ, അതുൽ സന്തോഷ് എന്നിവർ പ്രൊജക്റ്റ് അവതരിപ്പിക്കുന്നത്. ഈ വർഷത്തെ ബാലശാസ്ത്ര കോൺഗ്രസിന്റെ മുഖ്യവിഷയമായ ആരോഗ്യത്തിനും ക്ഷേമത്തിനും ആവാസവ്യവസ്ഥയെ മനസ്സിലാക്കുക എന്നതിനെ അധികരിച്ച് 'ചിതൽപ്പുറ്റുകളും മണ്ണിന്റെ ആരോഗ്യവും - ഒരു പഠനം' എന്ന ഗവേഷണപ്രബന്ധമാണ് വിദ്യാർഥികൾ ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിക്കുന്നത്. ഡിസംബർ എട്ട്, ഒൻപത് തീയതികളിൽ കോഴിക്കോട് മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ നടന്ന സംസ്ഥാനതല ബാലശാസ്ത്രകോൺഗ്രസിൽ ജൂണിയർ വിഭാഗത്തിൽ വിവിധ ജില്ലകളിൽനിന്നുള്ള 45 പ്രൊജക്റ്റുകളിൽനിന്ന് മൂന്നാം സ്ഥാനം നേടിയാണ് ദേശീയ ബാലശാസ്ത്ര കോൺഗ്രസിന് പ്ലാശനാൽ സെന്റ് ആന്റണീസ് സ്കൂൾ അർഹത നേടിയത്.

ചിതൽപ്പുറ്റുകൾ നിർമിക്കുന്ന ചിതലും അതിൽ സഹവസിക്കുന്ന ഫംഗസായ കൂണുകളെക്കുറിച്ചുമുള്ള പഠനമാണ് ദേശീയതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഭക്ഷ്യയോഗ്യമായ കൂണുകൾ ചിതൽപ്പുറ്റിനോടൊപ്പം കാണാൻ കാരണമെന്താണെന്നും, കൂണുകൾക്കു വളരാൻ അനുകൂലസാഹചര്യമൊരുക്കുന്ന ചിതലുകളെക്കുറിച്ചുള്ള പഠനവും, ജൈവവസ്തുക്കളുടെ വിഘാടകരായ ചിതലും ഫംഗസും മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുന്നു എന്നുമുള്ള കണ്ടെത്തലുകളാണ് ദേശീയതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടാൻ ഇടയാക്കിയത്. 2023 ജനുവരി 27 മുതൽ 29 വരെ ഇടുക്കി ജില്ലയിലെ കുട്ടിക്കാനത്തു വച്ചു നടക്കുന്ന 35-ാമത് കേരള ശാസ്ത്രകോൺഗ്രസിലും ഈ പ്രബന്ധം അവതരിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. സ്കൂളിലെ ശാസ്ത്രാധ്യാപകനായ മനോജ് സെബാസ്റ്റ്യനാണ് ടീച്ചർ ഗൈഡായി പ്രവർത്തിച്ചത്. അദ്ദേഹം ടീച്ചർ ഗൈഡായി പതിമൂന്നാം തവണയാണ് ദേശീയതലത്തിൽ ബാലശാസ്ത്ര കോൺഗ്രസിൽ പ്രബന്ധാവതരണത്തിന് വിദ്യാർഥികൾ പുരസ്കാരം നേടുന്നത്.



മനോജ് സെബാസ്റ്റ്യൻ

■ ജോസഫ് കുമ്പുക്കൻ



അഹമ്മദാബാദിൽ നടക്കുന്ന ദേശീയ ശാസ്ത്ര കോൺഗ്രസിൽ പ്രബന്ധം അവതരിപ്പിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഐവിൻ സെബാസ്റ്റ്യൻ, അതുൽ സന്തോഷ് എന്നിവർ സ്കൂൾ മാനേജർ ഫാ. തോമസ് ഓലിക്കൽ, പ്രിൻസിപ്പൽ ജോബിച്ചൻ ജോസഫ്, ഹെഡ്മാസ്റ്റർ ജെയിംസ് കുട്ടി കുര്യൻ, പ്രോജക്ട് ഗൈഡ് മനോജ് സെബാസ്റ്റ്യൻ എന്നിവർക്കൊപ്പം.

# സ്നേഹത്തിന്റെ മുഖങ്ങൾ



**കരോളിൻ ജോർജ്**
12-ാം ക്ലാസ്
സെന്റ് മേരീസ്
ജി.എച്ച്.എസ്., പാലാ

‘‘വിക്രം....’’ ഉറക്കം വിട്ടുണർന്നിട്ടും അലക്ഷ്യമായി ബെഡ്ഡിൽ കിടക്കുകയായിരുന്ന വിക്രം താഴെനിന്ന് അച്ഛൻ വിളിക്കുന്നതു കേട്ട് അവൻ ബെഡ്ഡിൽ പതിയെ നിവർന്നിരുന്നു.

പിന്നെയും അതേ വിളി.

‘‘എടാ, ചേട്ടായി നാളെ വരുമെന്ന്...’’ ഇതും പറഞ്ഞ് അപ്പൻ വീണ്ടും സംസാരിക്കാനായി ഫോണെടുത്തു. ഇടിവാൾ ഏൽക്കുന്നതുപോലെ ആ വാർത്ത വിക്രത്തിന്റെ മനസ്സിൽ ചെന്നുപതിച്ചു. തിരികെ റൂമിലെത്തിയെങ്കിലും ആ വാർത്ത അവന്റെ മനസ്സിൽ നിന്നു മാഞ്ഞില്ല. അലട്ടിക്കൊണ്ടിരുന്ന ചിന്തകൾക്കിടയിലും സ്കൂളിൽ പോകാനായി അവൻ ഒരുങ്ങി.

ചേട്ടായി നാളെ വരുമെന്നുള്ള ഓർമയിൽ അന്നു മുഴുവൻ അവൻ ചിന്താധീനനായി നടന്നു.

പിറ്റേന്നു രാവിലെ കോടമഞ്ഞു പുതച്ച ജനൽപ്പാളികളെ നോക്കിക്കിടക്കുകയായിരുന്നു വിക്രം. പെട്ടെന്ന് വാതിലിൽ ആരോ മുട്ടുന്ന ശബ്ദം. അവൻ പതിയെ എഴുന്നേറ്റു വാതിൽ തുറന്നു. അമ്മയായിരുന്നു അത്. അമ്മയെ കണ്ടതും അവന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നു. എന്നാൽ, അമ്മയുടെകൂടെ വന്നിരുന്ന ആളെ കണ്ടതും ആ ചിരി അതേപോലെതന്നെ മാഞ്ഞു. റൂബൻ, വിക്രത്തിന്റെ ചേട്ടനായിരുന്നു അത്. നീണ്ട നാളുകൾക്കുശേഷം തന്റെ ചേട്ടനെ കാണുന്ന ഒരനിയന്റെ പ്രതികരണമായിരുന്നില്ല അവനിലുണ്ടായത്. റൂബന്റെ കണ്ണുകളിലേക്കുപോലും നോക്കാൻ കൂട്ടാക്കാതെ വിക്രം ചോദിച്ചു: ‘‘നീ വന്നോ?’’ ഒരു കടമയെന്നോണം വിക്രം അത്രയും ചോദിച്ചു. മമ്മിയുടെ കൈയിൽനിന്നു കോഫി വാങ്ങി വിക്രം പോകാനായി തുനിഞ്ഞതും റൂബൻ, പെട്ടെന്നു ചോദിച്ചു: ‘‘നീയിതെങ്ങോട്ടാ ഇത്ര തിരക്കുപിടിച്ച്?’’

‘‘എനിക്കിന്ന് എക്സാം ഉണ്ട്. വൈകിട്ടു കാണാം.’’ റൂബൻ അമ്മയെ ഒന്നു നോക്കി. അമ്മ ഒന്നും പറഞ്ഞില്ല.

അന്നത്തെ പരീക്ഷയും കഴിഞ്ഞ്, പരമാവധി വൈകിയാണ് വിക്രം വീട്ടിലെത്തിയത്.

വീട്ടിൽ എത്തിയതേ അപ്പൻ ചോദിച്ചു: ‘‘എന്നാടാ നീ ഇത്ര താമസിച്ചത്?’’ വിക്രത്തിന്റെ തലതാണു. അവൻ ഒന്നും മിണ്ടാതെ മുറിയിലേക്കു കയറിപ്പോയി. ഇതെല്ലാം റൂബനും കാണുന്നുണ്ടായിരുന്നു.

‘‘നാളെയല്ലേ നിന്നെ നേരത്തെ സ്കൂളിൽ വിടണം എന്നു പറഞ്ഞിരുന്നേ? അപ്പനു നാളെ കൊണ്ടുവിടാൻ പറ്റുകേലടാ.’’ പെട്ടെന്ന് റൂബൻ പറഞ്ഞു: ‘‘അതു സാരമില്ല. ഞാൻ കൊണ്ടുവിട്ടോളാം.’’

‘‘അതുവേണ്ട. ഞാൻ പൊയ്ക്കോളാം.’’ വിക്രം പറഞ്ഞു.

വിക്രം തന്നിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നത് റൂബനു സഹിക്കുന്നുണ്ടായിരുന്നില്ല. പക്ഷേ, എല്ലാത്തിനും കാരണം താനാണെന്ന് കുറ്റബോധം അവന്റെ ഹൃദയത്തെ വരിഞ്ഞുമുറുക്കി.

തന്നോടുസംസാരിക്കാൻകൂട്ടാക്കാതെമുകളിലേക്കു കയറിപ്പോകുന്ന അനുജനെ റൂബൻ നോക്കിനിന്നു.

രാത്രിയിൽ ബാൽക്കണിയിൽ വന്നു നിന്ന റൂബൻ കണ്ടത് ഒരു ബുക്കുമായി മഞ്ഞത്ത്, ഗാർഡനിൽ ഇരിക്കുന്ന വിക്രത്തെയാണ്. റൂബൻ വിക്രത്തിന്റെ അടുത്തേക്ക് ഓടിയെത്തി. അവനെ പിടിച്ചെഴുന്നേല്പിച്ച് റൂബൻ പറഞ്ഞു: ‘‘ഈ മഞ്ഞത്തിരിക്കണ്ട, വാ...’’ അവൻ ആ കൈ പിടിച്ചുമാറ്റി. മഴ പൊടിയാനും തുടങ്ങി.

‘‘ഞാൻ ഇവിടെ ഇരുന്നോളാം. നീ പൊയ്ക്കോ.’’

‘‘പറഞ്ഞാൽ അനുസരിക്ക് വിക്രം.’’ പിന്നെയും അവൻ കൈ തട്ടിമാറ്റി.

‘‘എനിക്കിത്തിരി സ്വസ്ഥത താ റൂബൻ. ഇത്രനാൾ ഇല്ലാതിരുന്ന സ്നേഹം എവിടുന്നാ ഇപ്പോ പൊട്ടിമുളച്ചത്?’’

വിക്രത്തിന്റെ സങ്കടമെല്ലാം പെട്ടെന്നു ദേഷ്യമായിട്ടാണ് പുറത്തുവന്നത്. ഇത്രയും പറഞ്ഞ് വിക്രം അവിടെനിന്നു മുറിയിലേക്ക് ഓടി. പക്ഷേ, നിറഞ്ഞൊഴുകിയ അവന്റെ കണ്ണുകൾ ആരും കണ്ടില്ല.

റൂബന്റെ തല പതുക്കെ താണു. വിക്രത്തിന്റെ ഈ പെരുമാറ്റത്തിനു കാരണം എന്താണെന്ന് അവനു നന്നായി അറിയാമായിരുന്നു.

കരഞ്ഞുകൊണ്ട് മുറിയിൽ വന്നിരുന്ന വിക്രത്തിന്റെ മനസ്സിലൂടെ പഴയ ചില ഓർമകൾ മിന്നിമാഞ്ഞു.

‘‘ചേട്ടായീ, എന്നെ സ്വിമ്മിങ് പഠിപ്പിച്ചുതരാവോ?’’ വിക്രം അല്പം പരിഭ്രമത്തോടെ ചോദിച്ചു.

‘‘നിനക്കു വേറേ പണിയൊന്നുമില്ലേ, എനിക്കു പറ്റില്ല, നീ വേറെയാരോടെങ്കിലും ചോദിക്ക്.’’

വിക്രത്തിന് ഏറ്റവും ഇഷ്ടം തന്റെ സഹോദരൻ റൂബനെയായിരുന്നു. പക്ഷേ, റൂബൻ അവനിൽനിന്നു വളരെ അകലെയായിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ, വിക്രം, അമ്മയോടു പറഞ്ഞു: ‘‘അമ്മേ, ദേ നോക്കിയേ. ഈ പ്രാവശ്യം ഞാൻ മാത്സിനു



പൊട്ടും. എനിക്കിതൊന്നും അറിയത്തില്ല. ഇതൊന്നു പറഞ്ഞെതാ..’’

അപ്പോഴേക്കും റൂബൻ അവിടെയെത്തി.

അമ്മ പറഞ്ഞു: ‘‘ആ... നിന്റെ ചേട്ടായി വന്നല്ലോ... അവനോട് അമ്മ പറയാം.’’

‘‘റൂബൻ, ടാ, ഇവന് ഈ കണക്കെല്ലാമൊന്നു പറഞ്ഞുകൊടുത്തേ.’’

റൂബൻ അതു വല്യ കാര്യമാക്കാതെ പറഞ്ഞു: ‘‘എന്നെക്കൊണ്ടെങ്ങും വയ്യ അമ്മേ, വേറെയാരോടേലും ചോദിക്കാൻ പറ.’’ വിക്രത്തിന്റെ മുഖം വാടി. ‘‘ഇവൻ നിന്റെ കുഞ്ഞനിയനല്ലേ റൂബൻ. അപ്പോ നീ വേണം പറഞ്ഞുകൊടുക്കാൻ.’’

റൂബൻ: ‘‘അനിയനോ? സ്വന്തം ഒന്നുമല്ലല്ലോ. ദത്തെടുത്തതല്ലേ.’’

അമ്മയുടെ മുഖഭാവം മാറി: ‘‘റൂബൻ....’’

അമ്മ വിക്രത്തിന്റെ നേരേ നോക്കി. കണ്ണീർത്തുള്ളികൾ വെളിയിൽ ചാടാതിരിക്കാൻ കണ്ണ് തെരുതെരെ ചിമ്മിക്കൊണ്ടിരുന്ന കുഞ്ഞുവിക്രത്തിന്റെ ആ നില്പ് അമ്മയെ നോവിച്ചു.

ഈ സംഭവത്തിനുശേഷം അധികം വൈകാതെ ഉന്നതവിദ്യാഭ്യാസത്തിനായി റൂബൻ യു.കെയിലേക്കു പോയി. അഞ്ചുവർഷങ്ങൾക്കുശേഷമാണ് റൂബൻ തിരികെ വന്നിരിക്കുന്നത്.

തലേന്നു രാത്രി നടന്ന സംഭവങ്ങൾ റൂബൻ കണ്ണീരോടെ അമ്മയോടു പറഞ്ഞു: ‘‘ഒന്നും വേണ്ടിയിരുന്നില്ല എന്നു തോന്നുന്നു അമ്മേ. അവൻ ഇനി മാറുമെന്നു തോന്നുന്നില്ല.’’

പിറ്റേന്നൊരു ശനിയാഴ്ചയായിരുന്നു.

ഗാർഡനിൽ ഇരിക്കുന്ന വിക്രത്തെ റൂബൻ കണ്ടു. വലിയ ശാഖകളുണ്ടായിരുന്ന ഒരു മരത്തിന്റെ ചുവട്ടിൽ വിക്രത്തിനടുത്ത് റൂബനും വന്നിരുന്നു. വിക്രം അല്പം നീങ്ങിയിരുന്നു.

അവർ ഒന്നും സംസാരിച്ചില്ല. മൗനം മാത്രം, നീണ്ട മൗനം. അതിനെ ഭേദിച്ച് റൂബൻ പറഞ്ഞു:

‘‘ഐ ആം വെരി സോറി വിക്രം.’’ അതുകേട്ട് വിക്രം പറഞ്ഞു, ‘‘ദാറ്റ് ഇഷ്യൂസ് ആർ ഓവർ, റൂബൻ.’’

‘‘അല്ല... അതു തീർന്നിട്ടില്ല. നിന്റെ മനസ്സിനെ അലട്ടുന്നത് അതാണെന്ന് എനിക്കു നന്നായി അറിയാം.’’ റൂബൻ സാവധാനം പറഞ്ഞു.

റൂബനു നേരേ നോക്കി വിക്രം പറഞ്ഞു: ‘‘ദയവുചെയ്ത് എന്നെ ഒന്നും ഓർമിപ്പിക്കരുത് റൂബൻ, ഇപ്പോ എനിക്കത് അക്സെപ്റ്റ് ചെയ്യാൻ കഴിയുന്നുണ്ട്. ഞാനൊരു ദത്തുപുത്രനാണ്. നിങ്ങളുടെ ആരുടെയും സ്നേഹത്തിന് ഞാൻ യോഗ്യനല്ല എന്ന് എനിക്കറിയാം. അതു മനസ്സിലാക്കി പ്രവർത്തിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട് റൂബൻ. നിന്നെ ഒരിക്കലും ശല്യപ്പെടുത്താതെ ഞാൻ നോക്കിക്കോളാം.’’

റൂബൻ പറഞ്ഞു: ‘‘അങ്ങനെ പറയാതെ വിക്രം.’’ വിക്രം ഒന്നും മിണ്ടിയില്ല. പണ്ടത്തെതുപോലെതന്നെ, കണ്ണീർ വെളിയിൽ ചാടാതെ അവൻ കണ്ണുകൾ ചിമ്മിക്കൊണ്ടിരുന്നു. ഇത്തവണ, ആ കാഴ്ച റൂബന്റെ ഹൃദയത്തെയാണു മുറിച്ചത്. റൂബൻ പെട്ടെന്ന് വിക്രത്തെ ഇറുകെപ്പുണർന്നു.

‘‘നീ കരയുന്നത് എനിക്കു സഹിക്കില്ല വിക്രം. നീയെന്നോടു ക്ഷമിക്ക്... ഇനിയൊരിക്കലും... ഒരിക്കലും അങ്ങനെയുണ്ടാവില്ല.’’ റൂബനും കരയാൻ തുടങ്ങി. വിക്രം റൂബന്റെ കണ്ണീർ തുടച്ചുനീക്കി.

ആ കാഴ്ച അവരുടെ അമ്മ കാണുന്നുണ്ടായിരുന്നു. അമ്മയുടെ കണ്ണിൽനിന്നു സന്തോഷത്തിന്റെ കണ്ണീർത്തുള്ളികൾ പൊടിഞ്ഞു.

ഒരുപാടു നാളുകൾക്കുശേഷം, ആ കുടുംബം, ഒത്തിരി സന്തോഷത്തോടെ അന്ന് ഭക്ഷണം കഴിച്ചു. അപ്പയുടെ ഉറങ്ങിക്കിടന്ന സംഗീതവാസന ഉണർന്നപ്പോൾ ആ വീട് മുഴുവൻ ചിരിയാൽ നിറഞ്ഞു.

ആ ക്രിസ്മസ് രാവിലും ഉണ്ണി പിറന്നു. പക്ഷേ, ഒരു വ്യത്യാസം. ഉണ്ണി പിറന്നത് റൂബന്റെയും വിക്രത്തിന്റെയും മനസ്സിലാണ്. അവരുടെ കുടുംബത്തിലാണ്. ഒരിക്കലും കെടാത്ത സന്തോഷമായി...

■

DEEPANALAM WINNERS SPACE gk

## കഴിഞ്ഞ ലക്കം ക്വിസ് (പ്രതിഭ 2022 ഡിസംബർ 1) ശരിയുത്തരങ്ങൾ

1) 800
2) ശ്രീ പിണറായി വിജയൻ
3) ഇന്ത്യ
4) ഫ്രാൻസ്
5) ഡൽഹി
6) 1959
7) നരേന്ദ്രമോദി
8) 36.5 cm (14.4 inch)
9) മേയ് 26, 1999
10) ബ്രസീൽ